"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി(സി.എം.എൽ.ആർ.ഇ.) ക്ക് കൈമാറ്റം ചെയ്ത ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.16/2023/F&P തീയതി,തിരുവനന്തപുരം, 03-08-2023

---

പരാമർശം:-
1. 15.12.2007 ലെ സ.ഉ.(കൈ)നം.441/07/റവന്യു.
2. 14.03.2008 ലെ സ.ഉ.(കൈ)നം.15/2008/മതുവ.
3. ഫിഷറീസ് ഡയറക്ടറുടെ 26.08.2021 ലെ DFTVM/136/2020-D2 നമ്പർ കത്ത്.

**ഉത്തരവ്**

ഓഷ്യാനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി പുതുവൈപ്പിനിൽ 50 ഏക്കർ സ്ഥലം പരാമർശം (1) പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ, കൈമാറിക്കിട്ടിയ 50 ഏക്കർ സ്ഥലം തുടർ കൈമാറ്റം പാടില്ലെന്നും ഓഷ്യനേറിയം പദ്ധതിയിലൂടെ ലഭിക്കുന്ന ലാഭവിഹിതം റവന്യു വകുപ്പിന് കൂടി അവകാശപ്പെട്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മേൽ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി പരാമർശം (2) പ്രകാരം 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ നിരക്കിൽ സി.എം.എൽ.ആർ.ഇ. ക്ക് പാട്ടത്തിന് നൽകി ഉത്തരവായിരുന്നു. പാട്ടക്കരാർ രജിസ്റ്റർ ചെയ്തിരുന്നില്ല.

2) 25.06.2019- ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ സ്ഥലം സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി(സി.എം.എൽ.ആർ.ഇ.) ക്ക് നല്കിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ടും പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ എല്ലാം പാലിച്ചുകൊണ്ടും സി.എം.എൽ.ആർ.ഇ., സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(സിഐ.എഫ്.റ്റി.) എന്നിവർക്ക് 3.5 ഏക്കർ വീതം നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിയ്ക്കുകയുണ്ടായി.

3) പ്രസ്തുത 50 ഏക്കർ ഭൂമിയിൽനിന്നും 10 ഏക്കർ സി. എം. എൽ. ആർ. ഇ. യ്ക്ക് പാട്ടത്തിന് അനുവദിക്കുകയും സി.എം.എൽ.ആർ.ഇ. യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുകയും ചെയ്യണമെങ്കിൽ പരാമർശം (2) ഉത്തരവ് പ്രകാരം സി.എം.എൽ.ആർ.ഇ. യ്ക്ക് അനുവദിച്ച പാട്ടം റദ്ദ് ചെയ്യേണ്ടതുണ്ട്.

4) മേൽ സാഹചര്യത്തിൽ പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ പാട്ട നിരക്കിൽ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ.) ക്ക് കൈമാറിയ പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (02.08.2023-ലെ ഇനം നം. 1699 പ്രകാരം ).
റവന്യൂ വകുപ്പ്.
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 04-08-2023 11:55:19
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. ബി1/156/2021/മതുവ.

ഇനം നം: 1699

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ.)-ക്ക് കൈമാറിയ 14.03.2008-ലെ സ.ഉ.(കൈ)നം.15/2008/മതുവ ഉത്തരവ് റദ്ദ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

3/8/23

1699

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി1/156/2021/മതുവ |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് |
| 3 | വിഷയം | പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ.) ക്ക് കൈമാറിയ 14.03.2008 ലെ സ.ഉ.(കൈ)നം.15/2008/ മതുവ ഉത്തരവ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29/06/2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | ഇല്ല<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റ്റി.എസ്. പ്രവീൺകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ.എസ്. ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21/07/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/07/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31/07/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01/08/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 02/08/2023 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | 03/08/2023 ലെ സ.ഉ.(കൈ) നം. 16/2023/മതുവ |

Scanned with CamScanner

**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്ത പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി 30 വർഷത്തേക്ക് 1000/- രൂപ പാട്ട നിരക്കിൽ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ.) ക്ക് കൈമാറിയ 14.03.2008-ലെ സ.ഉ.(കൈ)നം.15/2008/മതുവ നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2.ഓഷ്യാനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാൻ 15.12.2007-ലെ സ.ഉ.(കൈ)നം.441/07/റവന്യു ഉത്തരവ് പ്രകാരം പുതുവൈപ്പിനിൽ 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ കൈമാറിക്കിട്ടിയ 50 ഏക്കർ സ്ഥലം തുടർ കൈമാറ്റം പാടില്ലെന്നും ഓഷ്യനേറിയം പദ്ധതിയിലൂടെ ലഭിക്കുന്ന ലാഭവിഹിതം റവന്യു വകുപ്പിന് കൂടി അവകാശപ്പെട്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3.എന്നാൽ പ്രസ്തുത 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി 12/03/2008- ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14.03.2008-ലെ സ.ഉ.(കൈ)നം.15/2008/മതുവ നമ്പർ ഉത്തരവ് പ്രകാരം 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ നിരക്കിൽ ഫിഷറീസ് വകുപ്പ് സി.എം.എൽ.ആർ.ഇ. ക്ക് പാട്ടത്തിന് നൽകി ഉത്തരവായിരുന്നു. പാട്ടക്കരാർ രജിസ്റ്റർ ചെയ്തിട്ടില്ല.

4.15.12.2007- ലെ സ.ഉ(കൈ) നം.441/07/റവന്യു ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പിലേക്ക് കൈമാറിക്കിട്ടിയ 50 ഏക്കർ ഭൂമി തുടർ കൈമാറ്റം പാടില്ലെന്ന് റവന്യു വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പ്രകാരവും 25.06.2019- ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാന പ്രകാരവും ചുവടെ പറയുന്ന വിഷയങ്ങളിൽ റവന്യു വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

1. സി.എം.എൽ.ആർ.ഇ. ക്ക് അനുവദിച്ച 10 ഏക്കർ ഭൂമിയുടെ പാട്ടക്കരാർ രജിസ്റ്റർ ചെയ്യുക.

2. 10 ഏക്കർ ഭൂമിയോട് ചേർന്ന 3.5 ഏക്കർ ഭൂമി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(സിഐ.എഫ്.റ്റി.) യ്ക്ക് പാട്ടത്തിന് നൽകുക.

3. 50 ഏക്കർ ഭൂമിയുടെയും ഉടമസ്ഥാവകാശം ഫിഷറീസ് വകുപ്പിന് നൽകിക്കൊണ്ട് റവന്യൂ രേഖകൾ പുതുക്കുക

5.ആയതിന്മേൽ റവന്യൂ വകുപ്പ് ചുവടെ പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"15.12.2007- ലെ സ.ഉ(കൈ)നം.441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 50 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയാണ് ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുള്ളത്. സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് റവന്യൂ വകുപ്പാണ്. ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽനിന്നും 10 ഏക്കർ സി. എം. എൽ. ആർ. ഇ. യ്ക്ക് പാട്ടത്തിന് അനുവദിക്കുകയും സി.എം.എൽ.ആർ.ഇ. യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുകയും ചെയ്യണമെന്ന ഫിഷറീസ് വകുപ്പിന്റെ അവശ്യം പരിഗണിക്കണമെങ്കിൽ ഫിഷറീസ് വകുപ്പ് 14.03.2008-ലെ സ.ഉ(കൈ)നം.15/2008/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം സി.എം.എൽ.ആർ.ഇ. യ്ക്ക് അനുവദിച്ച പാട്ടം റദ്ദ് ചെയ്യേണ്ടതുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു വകുപ്പ് ഇറക്കിയ ഉത്തരവ് മറ്റൊരു വകുപ്പിന് റദ്ദ് ചെയ്യാനോ സാധൂകരിക്കാനോ സാധിക്കാത്തതിനാൽ ഫിഷറീസ് വകുപ്പ് ഇറക്കിയ ഉത്തരവ് ഫിഷറീസ് വകുപ്പ് തന്നെ റദ്ദ് ചെയ്യേണ്ടതുണ്ട്. ആയതിനുശേഷം ബഹു. മുഖ്യമന്ത്രി ഉത്തരാവയത് പ്രകാരം 2008-ൽ സർക്കാർ നിശ്ചയിച്ചത് പോലെ സി.എം.എൽ.ആർ.ഇ. യ്ക്ക് ഒരു ഏക്കറിന് 1000/- രൂപ നിരക്കിൽ ഭൂമി പാട്ടത്തിന് അനുവദിക്കാവുന്നതാണ്. ആയതിനാൽ ഫിഷറീസ് വകുപ്പ് ഇറക്കിയ 14.03.2008-ലെ സ.ഉ(കൈ)നം.15/2008/ മ.തു.വ നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് നല്കാൻ ഫയൽ ഫിഷറീസ് വകുപ്പിന് കൈമാറാവുന്നതാണ്."*

6.റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 14.03.2008 ലെ സ.ഉ.(കൈ)നം.15/2008/മതുവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയായതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുമുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്ത പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ പാട്ട നിരക്കിൽ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ.) ക്ക് കൈമാറിയ 14.03.2008 ലെ സ.ഉ.(കൈ)നം.15/2008/മതുവ നമ്പർ ഉത്തരവ് റദ്ദ് ചെയ്യാമോ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | B1/156/2021-FandP |
| 2. | Department | Fisheries & Ports (B) Department |
| 3. | Subject | Cancellation of G.O.(Ms.)No.15/2008/F&PD dated 14.03.2008 by which 10 acres out of 50 acres of land at Puduvypin had been transferred to Centre for Marine Living Resources and Ecology (CMLRE) by the Fisheries Department. |
| 4. | Date of Chief Minister's order for placing before the Council. | 29/06/2023 |
| 5. | (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note | No<br>No |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes |
| 7. | Name of Deputy Secretary who submitted the Draft Note. | Sri. T.S. Praveen Kumar |
| 8. | Name of Principal Secretary who approved the Draft Note | Sri. K.S. Srinivas |
| 9. | Date of approval of the Draft Note for the Council by the Principal Secretary | 21/07/2023 |
| 10. | Name of Chief Secretary who approved the Draft Note. | Dr.Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 21/07/2023 |
| 12. | Name of Minister who approved the Draft Note | Sri.Saji Cherian |
| 13. | Date of approval of the Draft Note for the Council by the Minister | 31/07/2023 |
| 14. | Date of submission of fair copies | 01/08/2023 |
| 15. | Date of decision by the Council of Ministers | 02/08/2023 |
| 16. | Number and date of the G.O/letter communicating the decision. | G.O.(Ms) No. 16/2023/F&P dated 03/08/2023. |

**NOTE FOR THE COUNCIL OF MINISTERS**

This note relates to the cancellation of G.O.(Ms.)No.15/2008/ F&PD dated 14.03.2008 by which 10 acres out of 50 acres of land at Puduvypin had been transferred to Center for Marine Living Resources and Ecology (CMLRE) at a lease rate of Rs.1000/- per acre for 30 years, by the Fisheries Department.

2.As per G.O. (Ms.) No.441/07/RD dated 15.12.2007, 50 acres of land at Puduvypin had been transferred to the Department of Fisheries by the Revenue Department for the establishment of Oceanarium and Marine Biological Research Centre. In the said order, it has been stipulated that the 50 acres of land should not be transferred further and also the Revenue Department has the right for the profit received through the Oceanarium project.

3.But as per G.O. (Ms.) No.15/2008/F&PD dated 14.03.2008, 10 acres out of 50 acres of the said land was given to Center for Marine Living Resources and Ecology (CMLRE) at a lease rate of Rs.1000/- per acre for 30 years, based on the decision of the Cabinet on 12/03/2008. The Lease agreement has not been registered.

4.As per G.O.(Ms.)No.441/07/RD dated 15.12.2007, the said 50 acres of land should not be transferred further. Hence as per the recommendation of the Director of Fisheries and the decision of the meeting held on 25.06.2019 under the chairmanship of Hon'ble Minister for Fisheries, the opinion of the Revenue Department was sought on the following items.

1. To register the lease deed allotting 10 acres land to CMLRE.

2. To allot 3.5 acres of land, adjacent to 10 acres, to Central Institute of Fisheries Technology(CIFT) on lease.

3. To update revenue records to reflect ownership of the entire 50 acres of land with Fisheries Department.

5.In this regard, the Revenue Department remarked as follows:

*"15.12.2007- ലെ സ.ഉ(കൈ)നം.441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 50 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയാണ് ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുള്ളത്. സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് റവന്യൂ വകുപ്പാണ്. ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽനിന്നും 10 ഏക്കർ സി. എം. എൽ. ആർ. ഇ. യ്ക്ക് പാട്ടത്തിന് അനുവദിക്കുകയും സി.എം.എൽ.ആർ.ഇ. യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുകയും ചെയ്യണമെന്ന ഫിഷറീസ് വകുപ്പിന്റെ അവശ്യം പരിഗണിക്കണമെങ്കിൽ ഫിഷറീസ് വകുപ്പ് 14.03.2008-ലെ സ.ഉ(കൈ)നം.15/2008/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം സി.എം.എൽ.ആർ.ഇ. യ്ക്ക് അനുവദിച്ച പാട്ടം റദ്ദ് ചെയ്യേണ്ടതുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു വകുപ്പ് ഇറക്കിയ ഉത്തരവ് മറ്റൊരു വകുപ്പിന് റദ്ദ് ചെയ്യാനോ സാധൂകരിക്കാനോ സാധിക്കാത്തതിനാൽ ഫിഷറീസ് വകുപ്പ് ഇറക്കിയ ഉത്തരവ് ഫിഷറീസ് വകുപ്പ് തന്നെ റദ്ദ് ചെയ്യേണ്ടതുണ്ട്. ആയതിനുശേഷം ബഹു. മുഖ്യമന്ത്രി ഉത്തരാവയത് പ്രകാരം 2008-ൽ സർക്കാർ നിശ്ചയിച്ചത് പോലെ സി.എം.എൽ.ആർ.ഇ. യ്ക്ക് ഒരു ഏക്കറിന് 1000/- രൂപ നിരക്കിൽ ഭൂമി പാട്ടത്തിന് അനുവദിക്കാവുന്നതാണ്. ആയതിനാൽ ഫിഷറീസ് വകുപ്പ് ഇറക്കിയ 14.03.2008-ലെ സ.ഉ(കൈ)നം.15/2008/ മ.തു.വ നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് നല്കാൻ ഫയൽ ഫിഷറീസ് വകുപ്പിന് കൈമാറാവുന്നതാണ്."*

6.Based on the remarks of Revenue Department, the file was circulated to Hon'ble Chief Minister through Hon'ble Minister for Fisheries for orders on placing the matter of cancellation of G.O(Ms.)No.15/2008/F&PD dated 14.03.2008 before the Council of Ministers as the said order has been issued as per the decision of the Council of Ministers. The Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for decision

Whether the G.O. (Ms.) No.15/2008/F&PD dated 14.03.2008, transferring 10 acres out of 50 acres of land at Puduvypin to Center for Marine Living Resources and Ecology (CMLRE) at a lease rate of Rs.1000/- per acre for 30 years by the Fisheries Department may be cancelled ?